(ബി)

2006-07	1125.33 കോടി
2007-08	1531.99 കോടി
2008-09	1516.79 കോടി
2009-10	1404.88 കോടി

(സി) 9-7-2010 വരെ 65.34 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ഡി)

തിരുവനന്തപുരം	160.12 കോടി
കൊല്ലം	94.30 കോടി
പത്തനംതിട്ട	58.64 കോടി
ആലപ്പുഴ	72.87 കോടി
കോട്ടയം	89.34 കോടി
ഇടുക്കി	28.18 കോടി
എറണാകുളം	288.55 കോടി
തൃശ്ശൂർ	144.78 കോടി
പാലക്കാട്	97.87 കോടി
മലപ്പുറം	100.89 കോടി
കോഴിക്കോട്	106.04 കോടി
വയനാട്	22.67 കോടി
കണ്ണൂർ	94.78 കോടി
കാസർഗോഡ്	45.85 കോടി
ആകെ	1404.88 കോടി

ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ്

222 (4846) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസ്

223 (4847) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(ബി) തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വടക്കൻ പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ
നടന്ന വസ്തു രജിസ്ട്രേഷനുകൾ

224 (4848) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 സെപ്റ്റംബർ 5-ാം തീയതി വടക്കൻ പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ നടന്ന 45 ലക്ഷത്തിനു മേലെയുള്ള വസ്തു രജിസ്ട്രേഷനുകൾ ഏതൊക്കെയാണ് ; പേരുവിവരങ്ങളും തുകകളും വ്യക്തമാക്കുമോ ;

(ബി) ഇതിൽ കോടതി വ്യവഹാരം നടക്കുന്ന ഏതെങ്കിലും വസ്തുവിന്മേൽ ഇടപാട് നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

(ബി) ഇതിൽ കോടതിയിൽ നിന്നുള്ള നിരോധന ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly